2008
മാർച്ച് 19
ബുധൻ

The First International Indian Newspaper
ഗൾഫ് മാധ്യമം

GULF MADHYAMAM GMYM 171 WEDNESDAY MARCH 19 , 2008 RABEE'UL AWWAL 11, 1429. PAGE 16, ISSUE 3277



*തൊഴിൽ മന്ത്രി ഡോ. മജീദ് അൽ അലവിയുമായി അലി റാദിയും സിങ്കപ്പൂർ വിദഗ്ധൻ ലോഹ് കോക് ഷോയിയും കൂടിക്കാഴ്ച നടത്തിയപ്പോൾ*

# എൽ.എം.ആർ.എ പ്രവർത്തന മികവിന് വിദേശ വിദഗ്ധന്റെ സേവനം

മനാമ: ലേബർ മാർക്കറ്റ് റഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം മികവുറ്റതാക്കാൻ വിദേശ വിദഗ്ധന്റെ സേവനവും ലഭ്യമാക്കുന്നതായി ചീഫ് എക്സിക്യൂട്ടീവ് അലി റാദി 'ഗൾഫ് മാധ്യമ'ത്തോട് പറഞ്ഞു.

സിങ്കപ്പൂർ തൊഴിൽ മേഖലയിലെ ഏറ്റവും പ്രശസ്തനും പ്രഗൽഭനുമായ ലോഹ് കോക് ഷോയിയുടെ സേവനമാണ് ഇപ്പോൾ ലഭ്യമാക്കുന്നത്. നയരൂപവത്കരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള പ്രത്യേക സമിതിയിൽ ഇദ്ദേഹം അംഗമാണ്. രണ്ടാഴ്ച മുമ്പ് ചുമതലയേറ്റ ഇദ്ദേഹത്തിന്റെ സേവനം രണ്ടു വർഷത്തേക്കാണ് ലേബർ അതോറിറ്റി ഉപയോഗപ്പെടുത്തുക. സ്വകാര്യ, പൊതുമേഖലകളിലെ തൊഴിലുകളുമായി ബന്ധപ്പെട്ട് ഏറെ പ്രവർത്തി പരിചയമുള്ള വ്യക്തിയെന്നതാണ് ഇദ്ദേഹത്തെ പരിഗണിക്കാൻ സഹായകമായ ഘടകം. തൊഴിൽ വിപണി പരിഷ്കരണവുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും വിവരം പുതുക്കലും പ്രതീക്ഷക്കൊത്ത് വർധിച്ചിട്ടില്ല. തൊഴിലിടങ്ങളിലെ പരിശോധനകൾ തുടുർന്ന് വരുന്നുണ്ടെന്ന് അലി റാദി പറഞ്ഞു.

അലി റാദി കഴിഞ്ഞ ദിവസം ലോഹ് കോക് ഷോയുമായി തൊഴിൽ മന്ത്രി ഡോ. മജീദ് മുഹ്സിൻ അൽ അലവിയെ സന്ദർശിച്ചു. സ്വകാര്യ മേഖലയുടെ സഹകരണം ഉറപ്പുവരുത്തി തൊഴിൽ വിപണിയിലെ സുസ്ഥിരത, സാമ്പത്തിക വളർച്ച തുടങ്ങിയ കാര്യങ്ങളിൽ ഊന്നി നയപരിപാടികൾ ആവിഷ്കരിക്കാൻ സാധ്യതകൾ ആരാഞ്ഞുവരികയാണെന്ന് ഷോ വ്യക്തമാക്കി. തൊഴിൽ വിപണിയെ പൊതുവായി ബാധിക്കുന്ന കാര്യങ്ങളിൽ സുതാര്യത ഉറപ്പു വരുത്തുകയും സഹകരണം പ്രോൽസാഹിപ്പിക്കുകയും ധാരണയുണ്ടാക്കുകയും ചെയ്യുന്നതിനായി അഭിപ്രായങ്ങൾ തേടുന്നുണ്ട്.

തൊഴിൽ വിപണിയുമായി ബന്ധപ്പെട്ട എല്ലാവരുമായും ചർച്ചകൾ നടത്തുകയും പൊതുമേഖലയിലെ പങ്കാളികളുടെയുൾപ്പെടെ നിലപാടുകൾ കൂടി പരിഗണിക്കുകയും ചെയ്തശേഷം ഇതുമായി ബന്ധപ്പെട്ട നിയമങ്ങളും നിബന്ധനകളും പുറപ്പെടുവിക്കുന്നത് ഉചിതമായിരിക്കുമെന്ന് കൂടിക്കാഴ്ചയിൽ അദ്ദേഹം മന്ത്രിയോട് പറഞ്ഞു. രാജ്യത്തെ തൊഴിൽ നിയമത്തെ സംബന്ധിച്ച് തൊഴിലുടമകളെ ബോധവത്കരിക്കണം. ലേബർ ഫണ്ടുമായും നിരവധി ധനവിനിയോഗ കേന്ദ്രങ്ങളുമായും പ്രോജക്ട് മാനേജ്മെന്റ് ഗ്രൂപ്പുകളുമായി ബന്ധപ്പെട്ട് തൊഴിൽ വിപണിയിൽ ലക്ഷ്യം ഉറപ്പുവരുത്താൻ ശ്രമിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.